## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **6866**

**10.07.2014** ൽ മറുപടിക്ക്

### പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പി.ഐ.പി. വക സ്ഥലം കൈയ്യേറിയിട്ടുള്ളത് ഒഴിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. കെ. സദാശിവൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | കായംകുളം അസംബ്ലി മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പി.ഐ.പി. വക സ്ഥലം കൈയ്യേറിയതുമായി ബന്ധപ്പെട്ട പരാതി പി.ഐ.പി. അധികൃതർക്ക് പൊതുജനങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 10-12-2013 ൽ സ്ഥല പരിശോധന നടത്തിയതിൽ അതിരുകല്ല് ഇല്ലാത്തതിനാൽ അതിര് പുനർനിർണ്ണയിക്കാൻ വേണ്ടി 13-12-2013 ൽ കാർത്തികപ്പള്ളി തഹസീൽദാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഐ.പി. സെക്ഷൻ മാവേലിക്കര കത്ത് നൽകി. ഇതുവരെ അതിര് നിർണ്ണയിച്ച് കിട്ടിയിട്ടില്ല. റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | പി.ഐ.പി. വക പുറമ്പോക്ക് സ്ഥലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൈയ്യേറിയിട്ടുള്ളത് ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | അതിരു നിർണ്ണയിച്ച് കിട്ടിയാൽ മാത്രമേ സ്ഥലം കൈയ്യേറിയിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. കൈയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടാൽ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ